**പതിനാലാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2671 — 06.02.2018 ന് മറുപടിയ്ക്ക്.

**റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കാട്ടാനകൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാസർഗോഡ് ജില്ലയിൽ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സമീപകാലത്തായി എത്ര കർഷകരുടെ എത്രത്തോളം കൃഷി ഇപ്രകാരം നശിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) സമീപകാലത്തായി 29 കർഷകരുടെ 43 ഹെക്ടർ സ്ഥലത്തുള്ള കൃഷി ഭാഗികമായും 2 ഹെക്ടർ സ്ഥലത്തുള്ള കൃഷി പൂർണ്ണമായും നശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ജില്ലയിൽ റാപ്പിഡ് റെസ്പോൺസ് ടീം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ടീമിന് വേണ്ട ജീവനക്കാർ, വാഹനങ്ങൾ എന്നിവ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) ജില്ലയിൽ റാപ്പിഡ് റെസ്പോൺസ് ടീം അനുവദിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം രൂക്ഷമാകുന്ന സാഹചര്യത്തിൽ ജീവനക്കാർ, വാഹനം എന്നിവ പുനഃക്രമീകരിച്ചുകൊണ്ടും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ പുനർ വിന്യാസം ചെയ്തുകൊണ്ടും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം നടത്തി വരുന്നു. |
| (ഡി) ജില്ലയിൽ വന്യമൃഗശല്യം കൂടി വരുന്ന സാഹചര്യത്തിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാരെയും വാഹനവും അനുവദിക്കുന്ന വിഷയം അടിയന്തരമായി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാരെയും വാഹനവും അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ